

INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



*ICC Bulletin Vol.2.6* *October 2007*


# Message of the Chaplain

# ജൂബിലി ആശംസകൾ

വിയന്ന അതിരൂപതയിലെ എല്ലാ മലയാളി കത്തോലിക്കർക്കും ജൂബിലി ആശംസകൾ. സമാപനാഘോഷങ്ങളുടെ സുപ്രധാന ദിവസങ്ങൾ അടുത്തുവരികയാണല്ലോ. ഒക്ടോബർ 13നും 14നും നടക്കുന്ന മെഗാ പരിപാടികൾക്കായി തികഞ്ഞ ആവേശത്തോടും, പ്രതീക്ഷയോടും കൂടെ നമ്മൾ കാത്തിരിക്കുന്നു. ആത്മീയവും, സാംസ്ക്കാരികവുമായ ഉണർവ്വിന്റെ ഉത്സവ ലഹരിയിലാണ് നമ്മുടെ ഇടവകാംഗങ്ങൾ. ജൂബിലി വർഷത്തെ നമ്മുടെ വാർഷിക ധ്യാനവും, ആത്മീയ നവീകരണ പരിപാടികളും, കലാകായികമേളകളും, അതിശയകരമായ ഇടവകക്കൂട്ടായ്മയുടെ സാക്ഷ്യവും നമ്മോടുള്ള ദൈവസ്നേഹത്തിന്റെ ആഴമായ അനുഭവവുമായി. അവ നമ്മുടെ ഇടവകയ്ക്കും കുടുംബങ്ങൾക്കും, വ്യക്തികൾക്കും ഉത്തേജനവും ഉണർവ്വുമേകുന്നു.

നിർമ്മലഹൃദയത്തോടെ അന്തരാത്മാവിന്റെ കണ്ണും കാതും തുറന്നിരുന്നവർക്ക് ഈ ജൂബിലിവർഷം നമ്മുടെ ഇടവകസമൂഹത്തിൽ സമൃദ്ധിയായി നിറഞ്ഞുനിന്ന ദൈവാത്മാവിന്റെ ജീവചൈതന്യവും, ഉൾവിളിയും കാണുവാനും കേൾക്കുവാനും അനുഭവിക്കുവാനും ഭാഗ്യമുണ്ടായി. ഇവയ്ക്കെല്ലാം പുറം തിരിഞ്ഞു് നിന്നവർക്ക് ജീവിതത്തിന്റെ അത്യപൂർവ്വകമായ രജത നിമിഷങ്ങളുടെ അനുഭവഭാഗ്യം നഷ്ടമാകുന്നു.

ആത്മാവിൽ മുദ്രിതമായ ദൈവത്തിന്റെ കൃപാവര ചൈതന്യം ഉൾക്കൊണ്ടവരിൽ യേശുവിന്റെ സ്നേഹത്തിന്റേയും രക്ഷയുടേയും അത്ഭുതകരമായ ഇടപെടൽ അനുഭവമായി. ഒട്ടേറെ പ്രതിസന്ധികൾ തരണം ചെയ്തു് ഇവിടെ പ്രവാസികളായി കഴിയുന്ന നമ്മുടെ ഇടവകാംഗങ്ങളെ ദൈവം തോളിലേറ്റി സംരക്ഷിക്കുന്നു. നെഞ്ചിലേറ്റി ലാളിക്കുന്നു.

ദൈവപരിപാലനയുടെ ഈ രജതപാതയിലൂടെ **25** വർഷം യേശുവിനോടുകൂടി സഹകരിച്ചവരായ എല്ലാ ഇടവകാംഗങ്ങൾക്കും, കൃപാവര സമൃദ്ധിയുടെ തീർത്ഥാടന പാതയിലേയ്ക്ക് പ്രവേശിക്കുന്ന യുവതലമുറയ്ക്കും നമ്മുടെ എല്ലാ അകത്തോലിക്കാ സുഹൃത്തുക്കൾക്കും ജൂബിലിയുടെ പ്രാർത്ഥനാശംസകൾ. നിങ്ങളുടേയും നിങ്ങളുടെ കുടുംബാംഗങ്ങളുടേയും സ്നേഹത്തിനും സഹകരണത്തിനും ഞാൻ ഹൃദയപൂർവ്വം നന്ദിപറയുന്നു. ഈ ജൂബിലി മഹോത്സവത്തിനു് നേതൃത്വം കൊടുക്കുകയും അവയുടെ വിജയത്തിനു് രാപകലില്ലാതെ കഠിനാദ്ധ്വാനം ചെയ്തു് സഹകരിക്കുകയും ചെയ്യുന്ന എല്ലാവരേയും നമ്മുടെ ഇടവകക്കൂട്ടായ്മയുടെ നാഥനായ യേശു കൃപയും, ജീവസമൃദ്ധിയും നൽകി അനുഗ്രഹിക്കട്ടെ.

Chaplain: P. Thomas Thandappilly CST

# Message of the Assistant Chaplain

ലോകചരിത്രത്തിൻെറ താളുകളിൽ അവസ്മരണീയമായ ആത്മീയ നവോത്ഥാനത്തിന് തുടക്കം കുറിച്ചുകൊ് പതിമൂന്നാം നൂററാണ്ടിൽ ജീർണിച്ചുകൊിരുന്ന സഭാ ചരിത്രത്തിന് പുതിയ രൂപവും ഭാവവും നൽകേ വെല്ലുവിളി ഏററെടുത്ത് ഫ്രാൻസീസ് അസ്സീസി പുത്തനും എന്നാൽ സുവിശേഷാധിഷ്ഠിതവുമായ നവീകരണത്തിന് പുതിയ മാനം നൽകി. ആ വിശുദ്ധൻെറ ജീവിതം ലോകത്തിനു തന്നെ ഒരു ജീവിത നാഴികക്കല്ലായി മാറുകയായിരുന്നു. അദ്ദേഹത്തിൻെറ ജീവിത വിശുദ്ധി ജാതിമതഭേദമെന്യേ എല്ലാ അതിർവരമ്പുകളേയും ഭേദിച്ചു. അദ്ദേഹം ലോകത്തിന് നൽകപ്പെട്ട രാം ക്രിസ്തുവായി മാറി. അദ്ദേഹത്തിൻെറ തിരുന്നാൾ ഒക്റേറാബർ നാലാം തിയതി സഭയിൽ നാം ആഘോഷിക്കുന്നു.

ഇന്നദ്ദേഹത്തെ ഒരു പ്രകൃതി സ്നേഹിയായിട്ടാണ് ലോകം അംഗീകരുക്കുന്നതും ആദരിക്കുന്നതും. അദ്ദേഹത്തിൻെറ ജീവിതം എല്ലാ പ്രപഞ്ച വസ്തുക്കളോടും താദാത്മ്യപ്പെട്ട് അവയോട് സഹോദര–സഹോദരി ബന്ധം പുലർത്തിയിട്ടുള്ളതായിരുന്നുവെന്ന് The Canticle of Brother Sun എന്ന

പദ്യത്തിലൂടെ നമുക്കു മനസ്സിലാക്കാം. പക്ഷിമൃഗാദികളും മലകളും മാമരങ്ങളും താരാഗണങ്ങളും എല്ലാം ദൈവത്തെ പ്രകീർത്തിക്കുന്നതിന് ഒരു മാദ്യമമാകുകയാണ്. അവയിലൂടെ ഫ്രാൻസീസ് ദൈവസ്നേഹത്തേയും ദൈവസാന്നിധ്യത്തേയും ആഴത്തിൽ അനുഭവിച്ചറിഞ്ഞു. എന്നാൽ അവയൊന്നും ദൈവത്തിൻെറ സ്ഥാനം ഏറെറടുത്തില്ലായെന്നുള്ള യാഥാർഥ്യം നമ്മൾ ഈ അവസരത്തിൽ അനുസ്മരിക്കുന്നത് ഉചിതമായിരിക്കും. വിശുദ്ധൻെറ പ്രപഞ്ചത്തോടുള്ള പ്രതിബദ്ധത വിശുദ്ധ ബൊനവെഞ്ചർ രേഖപ്പെടുത്തുന്നുണ്ടു്. നിങ്ങൾ സ്വയം ഏതൊരു സൃഷ്ടവസ്തുക്കളേയും വ്യക്തിപരമായ അനുകമ്പയിൽ നിന്നും കാരുണ്യത്തിൽ നിന്നും അകററി നിറുത്തുന്നുവോ അതുപോലെ നിങ്ങളോടും പെരുമാറുന്നവർ നിങ്ങളുടെ മദ്ധ്യേ ഉണ്ടാകും. വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെ സംബന്ധിടത്തോളം സൃഷ്ടവസ്തുക്കളെല്ലാം നല്ലതും പരിശുദ്ധവും ദൈവത്തിങ്കലേക്കുള്ള കോണിയുമാണ്. ഈ ജീവിത മുദ്രയാണ് 1979–ൽ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമനെ വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെ പരിയാവരണത്തിൻെറ പേട്രൺ എന്നു വിളിക്കാൻ പ്രേരിപ്പിച്ചത്.

ഈ ചിന്തയുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ നാമിന്നു നേരിടുന്ന ആഗോള താപമാന ഉയർച്ചയും അതിനോടനുബന്ധിച്ചുള്ള പ്രകൃതി ദുരന്തങ്ങളും പ്രകൃതിയോടുതന്നെ നാം കാട്ടുന്ന വിരൂപമായ ചൂഷണം നിമിത്തമാണെന്നുള്ള സത്യം മറച്ചു വയ്ക്കുവാൻ സാധിക്കുകയില്ല. ഈ ചൂഷണത്തിനായി ബൈബിൾ വാക്യം പോലും യഥോചിതം വളച്ചെടുക്കുന്നു. പ്രത്യേകിച്ച് ഉൽപത്തി 1:28 'ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു. സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മൽസ്യങ്ങളുടേയും ആകാശത്തിലെ പറവകളുടേയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടേയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ.'

സൃഷ്ടിയെ ചൂഷണത്തിന് വിധേയമാക്കാൻ അനുവദിക്കാതെ അതിൻെറ പരിപൂർണതയിൽ സംരക്ഷിക്കണമെന്നും തനതായ രീതിയിൽ സൃഷ്ടവസ്തുക്കളോടുള്ള നമ്മുടെ കടപ്പാടുകൾ സ്വയം ഒരു സൃഷ്ടിയാണെന്നുള്ള അവബോധത്തോടു കൂടി നിറവേററുവാൻ വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെപ്പോലെ പരിശ്രമിയ്ക്കണമെന്നുമുള്ള യാഥാർഥ്യം ഈ അവസരത്തിൽ എല്ലാവരുടേയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിയ്ക്കുകയാണ്.

ദൈവം സൃഷ്ടിച്ചതെല്ലാം മനോഹരവും നല്ലതും ദൈവീകത അന്തർലീനമായിരിയ്ക്കുന്നതും ആ ണെന്നും ഉള്ള സത്യം ഫ്രാൻസീസ് അസ്സീസിയെ പുതിയ ആത്മീയ തിരിച്ചറിവിലേക്ക് നയിച്ചതുപോലെ നമ്മേയും നയിക്കട്ടെ!

Assistant Chaplain : P. Thomas Mathew Vadathumukalel TOR

## ICC Events in October- November 2007

| | |
|---|---|
| 06th October : | Half Day Recollection from 13:00 to 17:00 hrs in Stadlau |
| 13th, October: | At 18:00 hrs. ICC Jubilee Cultural Celebrations in Haus der Begegnung Floridsdorf. |
| 14th, October: | At 15:00 hrs. Solemn Concluding Liturgy of the Jubilee in Maria Lourdes. |
| **28th, October:** | **Priestly Silver Jubilee Thanksgiving Mass of the Chaplain At 10:00 hrs in Maria Lourdes** |
| 2nd, November: | All Souls Day Malayalam Requiem Mass at 19:45 HRS in Maria Lourdes. |

**Please note: 9th December 2007: Ecumenical Carol Singing Programme at 15:00 hrs**.

### Important ICC Events of the Next Year – 2008

| | |
|---|---|
| **Annual Retreat:** | **Thursday, 13th to 17th March 2008 (Monday Evening)** |
| **Youth Festival:** | **ICC organized by Kairali Nikethan on Saturday, 3rd May 2008.** |
| **First Communion:** | **ICC Children on Saturday, 31st May 2008.** |
| **ICC Sports:** | **On Saturday, 7th June 2008.** |
| **ICC Cultural Celebration:** | **On Saturday, 28th June 2008** |
| **Ecumenical Carol Programme:** | **On Sunday, 14th December 2008** |

(Verleger: Thomas Sebastian for the Indian Catholic Community Vienna)